# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

<u>നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 5964</u> <u>28-03-2018 - ൽ മറുപടിയ്ക്ക്</u>

## ലീഗൽ മെട്രോളജി വകുപ്പിൽ സീനിയർ സൂപ്രണ്ട് തസ്തിക

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. എൻ. ഷംസുദ്ദീൻ:** | **ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ മന്ത്രി)** |
| (എ) ലീഗൽ മെട്രോളജി വകുപ്പിൽ പുതുതായി സൃഷ്ടിച്ച സീനിയർ സൂപ്രണ്ടിന്റെ തസ്തികയിൽ നിയമനം നടത്താതെ പ്രസ്തുത തസ്തിക ഒഴിച്ചിട്ടിരിക്കുന്നതിന്റെ കാരണം വെളിപ്പെടുത്തുമോ; | (എ) ഒഴിവുണ്ടായിരുന്ന സീനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് നിയമനം നൽകിയിട്ടുണ്ട്. |
| (ബി) ലീഗൽ മെട്രോളജി കൺട്രോളറുടെ 22-12-2017-ലെ നം.B2-9377/17 പ്രകാരം പ്രസിദ്ധീകരിച്ച സീനിയോറിറ്റി ലിസ്റ്റിൽ സീനിയർ സൂപ്രണ്ടായി നിയമിക്കാൻ യോഗ്യതയുള്ളവർ ഉൾപ്പെട്ടിട്ടുണ്ടോ; പ്രസ്തുത ലിസ്റ്റിൽ നിയമനത്തിന് അർഹതയുള്ള സീനിയറായ ഉദ്യോഗസ്ഥൻ ആരാണെന്ന് വിശദമാക്കുമോ; | (ബി) ഉണ്ട്. 22-12-2017-ലെ നമ്പർ ബി2-9377/17 പ്രകാരം പ്രസിദ്ധീകരിച്ച താൽക്കാലിക സീനിയോറിറ്റി ലിസ്റ്റിൽ സീനിയറായ ഉദ്യോഗസ്ഥൻ ശ്രീ.സി.മധു ആണ്. ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ മുമ്പാകെയുള്ള OA 693/2015-ന്റെ അന്തിമ വിധിയ്ക്ക് വിധേയമായി മാത്രമേ സീനിയോറിറ്റി ലിസ്റ്റ് അന്തിമായി പ്രസിദ്ധീകരിക്കുകയുള്ളു. |
| (സി) എങ്കിൽ നിയമനം നടത്താതെ ഒഴിച്ചിട്ടിരിക്കുന്ന സീനിയർ സൂപ്രണ്ട് തസ്തികയിൽ സീനിയോറിറ്റി ലിസ്റ്റിൽ നിന്നും അർഹതപ്പെട്ട ഉദ്യോഗസ്ഥന് നിയമനം നൽകുവാൻ ആവശ്യമായ നിർദ്ദേശം നൽകുമോ? | (സി) ബാധകമല്ല. |

Chithralekha R.L.

സെക്ഷൻ ഓഫീസർ